I/73180/2022

**'ഭരണഭാഷമാതൃഭാഷ-'**

TCPTVM/1023/2022-C

**തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗ്**
**ജില്ലാ നഗരാസൂത്രണ കാര്യാലയം**
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്
ശാന്തിനഗർ, തിരുവനന്തപുരം 695001
ഫോൺ 0471 -2339945
ഇ മെയിൽ tcpdtvm@gmail.com
tptvm.lsgdplng@kerala.gov.in
തീയതി: **28-10-2022**

ടൗൺപ്ലാനർ
തിരുവനന്തപുരം

സെക്രട്ടറി
തിരുവനന്തപുരം നഗരസഭ

സർ

വിഷയം : ജില്ലാ നഗരാസൂത്രണ കാര്യാലയം - തിരുവനന്തപുരം - കെട്ടിട നിർമ്മാണം - കൺകറൻസ് അനുവദിക്കുന്നത് സംബന്ധിച്ച്.

സൂചന :
1. Smt.Sreelekshmi.P.S 2.08.2022, 22.08.2022, 12.09.2022 തീയതികളിൽ സമർപ്പിച്ച അപേക്ഷകൾ.
2. 18.10.2022 ലെ 140ാം കൺകറൻസ് കമ്മിറ്റിയുടെ തീരുമാനം.

സൂചനകൾ കണ്ടാലും.

തിരുവനന്തപുരം നഗരസഭയിൽ വട്ടിയൂർക്കാവ് വില്ലേജിൽ പഴയ സർവ്വേ നമ്പർ 2426, റീ സർവ്വേ നമ്പർ 258(BL-05) ൽ ഉൾപ്പെട്ട 185 ച.മീ വസ്തുവിൽ Smt.Sreelekshmi.P.S ൻറെ ഉടമസ്ഥതയിൽ 147.31 ച.മീ. വിസ്തീർണ്ണത്തിൽ ഇരുനില വാസഗൃഹം നിർമ്മിക്കുന്നതിനായി സൂചന (1) മുഖേന ലഭിച്ച അപേക്ഷ 18.10. 2022 ൽ നടന്ന കമ്മിറ്റിയുടെ പരിഗണനയ്ക്കായ് സമർപ്പിച്ചിരുന്നു. പ്രസ്തുത കമ്മിറ്റിയിലെ സൂചന (2) തീരുമാനത്തിൻറെ അടിസ്ഥാനത്തിൽ ചുവടെ പറയുന്ന നിബന്ധനകൾക്കു വിധേയമായി കൺകറൻസ് അനുവദിക്കുന്നു.

1. നിർദ്ദിഷ്ട നിർമ്മാണ വസ്തുവിൻറെ ഉടമസ്ഥാവകാശം, റവന്യൂ വിവരങ്ങൾ, അതിർത്തി അളവുകൾ എന്നിവ ശരിയാണെന്ന് ഉറപ്പുവരുത്തണം.
2. ടി നിർമ്മാണം നിലവിലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം (2008) അനുബന്ധ ഭേദഗതി/ KLU order , കൂടാതെ ഇതുമായി ബന്ധപ്പെട്ട് സമയാ സമയങ്ങളിലെ സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ, ഹൈക്കോടതി വിധികൾ എന്നിവ അനുസരിച്ചുള്ള വ്യവസ്ഥകൾ പാലിക്കുന്നുണ്ടെന്നു ഉറപ്പു വരുത്തിയിരിക്കണം.
3. നിർദ്ദിഷ്ട നിർമ്മാണം പൂർണ്ണമായും KMBR 2019 നും അനുബന്ധ ഭേദഗതികൾക്കും വിധേയമായിരിക്കണം.
4. നിർദ്ദിഷ്ട നിർമ്മാണം, പ്രദേശത്തെ ഡ്രെയിനേജ് സംവിധാനത്തെ പ്രതികൂലമായി ബാധിക്കാത്ത രീതിയിലായിരിക്കണം.

5. നിർദ്ദിഷ്ട നിർമ്മാണത്തിനോട് ചേർന്നുള്ള പ്ലോട്ടുകളിലെ നിർമ്മാണങ്ങൾ നിയമാനുസൃതമായിരിക്കണം.(authorised)
6. നിർ ദ്ദിഷ്ട നിർമ്മാണം ഏക കുടുംബ വാസഗൃഹത്തിനായിരിക്കണം കൂടാതെ വിസ്തീർണ്ണം, ഉപയോഗം എന്നിവ മാറ്റാൻ പാടില്ലാത്തതുമാണ്.
7. നിലവിലുള്ള നിയമങ്ങൾ പ്രകാരം മറ്റു വകുപ്പുകൾ / ഏജൻസികൾ എന്നിവിടങ്ങളിൽ നിന്നും ആവശ്യം നേടേണ്ടതായ അനുമതികൾ / അംഗീകാരങ്ങൾ എന്നിവ ലഭ്യമാക്കേണ്ടതാണ്.
8. മാസ്റ്റർ പ്ലാൻ അനുസരിച്ചുള്ള കൺകറൻസ് മാത്രമാണ് നല്കുന്നത്. ആയതിനാൽ ബാധകമായ മറ്റു എല്ലാ ചട്ടങ്ങളും നിയമങ്ങളും പാലിച്ചിരിക്കണം.
9. പ്ലോട്ട് വെള്ളപ്പൊക്ക സാധ്യത ഉള്ള പ്രദേശമായതിനാൽ പ്ലിന്തിനു പരമാവധി ഉയരം നൽകേണ്ടതാണ്.
10. പ്ലോട്ടിനകത്തു നൽകിയിരിക്കുന്ന തുറസായ സ്ഥലങ്ങൾ ജലം പരമാവധി മണ്ണിലേയ്ക്ക് ഊർന്നിറങ്ങുവാൻ ഉതകുന്ന വിധത്തിൽ നിലനിർത്തേണ്ടതാണ്.(shall be kept unpaved)
11. പ്രസ്തുത പ്ലോട്ട് KMBR 2019 ചട്ടം 31 പ്രകാരം ലേ ഔട്ട് അംഗീകാരം ആവശ്യമായ പ്ലോട്ട് സബ് ഡിവിഷൻറെ ഭാഗമല്ലെന്നു നഗരസഭസെക്രട്ടറി ഉറപ്പുവരുത്തണം.

വിശ്വസ്തതയോടെ

Signed by
Rajesh T N
Date: 28-10-2022 16:58:56
RAJESH T N
TOWN PLANNER

ഉള്ളടക്കം:-കൺകറൻസ് രേഖപ്പെടുത്തിയ പ്ലാൻ(1 എണ്ണം)

പകർപ്പ്(അറിവിലേയ്ക്കായി)

Smt.Sreelekshmi.P.S,

17/50,Sreevas,Kulashakaram P.O,

Tamilnadu 629161